(എ) 1998-99-ൽ ഇതുവരെ എത്ര കച്ചവടസ്ഥാപനങ്ങൾ വില്പന നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റെയ്ഡ് ചെയ്തതിനെത്തുടർന്ന് സീൽ ചെയ്തിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ സീൽ ചെയ്യുവാനുള്ള കാരണമെന്ത്;

(സി) സീൽ ചെയ്ത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ മൂന്ന് കച്ചവടസ്ഥാപനങ്ങൾ കടപരിശോധനയെത്തുടർന്ന് സീൽ ചെയ്തിട്ടുണ്ട്. റെയ്ഡുകൾ നടത്തിയിട്ടില്ല.

(ബി) കടപരിശോധനയിൽ കടയുടമ സഹകരിക്കാതിരിക്കുകയും, പുറത്തുനിന്നുള്ള ആളുകളുടെ സഹായത്തോടെ കൈയേറ്റശ്രമത്തിന് മുതിരുകയും കച്ചവടസ്ഥാപനത്തിൽനിന്ന് ഇറങ്ങിപ്പോകുകയും ചെയ്ത സാഹചര്യത്തിൽ കടയുടേയും സാധനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി പോലീസ് സഹായത്തോടെ കട സീൽ ചെയ്യുകയാണുണ്ടായത്.

(സി) സീൽ ചെയ്ത ആലപ്പുഴയിലെ ലക്ഷ്മി ജുവലറിയുമായി ബന്ധപ്പെട്ട ഏഴുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

46 (1495) വില്പനനികുതി സംബന്ധമായ റെയ്ഡുകൾ

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 ൽ ഇതുവരെ വില്പന നികുതി സംബന്ധമായ എത്ര റെയ്ഡുകൾ നടത്തി;

(ബി) ഇത്തരം റെയ്ഡുകൾക്ക് എന്തെല്ലാം മുൻകരുതൽ സ്വീകരിക്കുന്നുണ്ട്;

(സി) ഈ റെയ്ഡുകളുടെ ഫലമായി വില്പനനികുതിയിൽ എന്തു വർദ്ധനവുണ്ടായി എന്നു അറിയിക്കുമോ?

ഉത്തരം

(എ) വില്പനനികുതി നിയമത്തിലെ 28(3) വകുപ്പുപ്രകാരം ഇന്റലിജൻസ് വിഭാഗം 1828 കടകൾ പരിശോധന നടത്തിയിട്ടുണ്ട്.

(ബി)&(സി) റെയ്ഡുകളല്ല പരിശോധനകളാണ് നടന്നത് നിയമാനുസൃതമായ കടപരിശോധനയ്ക്ക് മുൻകരുതൽ ആവശ്യമില്ല.

പരിശോധന നടത്തിയ കടകളുടെ കണക്കുകൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

47 (1496) ചെക്ക് പോസ്റ്റുകളിലെ അഴിമതി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly